# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4600

13.11.2019-ലെ മറുപടി

### വാഴപ്പള്ളി പഞ്ചായത്തിൽ തുരുത്തി പ്രദേശത്തെ കടിവെള്ളക്ഷാമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.എഫ്.തോമസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വാഴപ്പള്ളി പഞ്ചായത്തിൽ തുരുത്തി പ്രദേശത്തെ കടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണ ജോലികൾ ഏത് ഘട്ടത്തിലാണ്; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വാഴപ്പള്ളി പഞ്ചായത്തിൽ തുരുത്തി പ്രദേശത്തെ കടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള (തുരുത്തിക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതിയുടെ വിപുലീകരണം-രണ്ടാം ഘട്ടം) പദ്ധതിയുടെ നിർമ്മാണ ജോലികൾ പുരോഗമിച്ചു വരുന്നു. സമ്പിന്റെയും ഉന്നതതല ജലസംഭരണിയുടെയും പമ്പ് ഹൗസിന്റെയും പ്രവൃത്തിയുടെ 85% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 350 mm DI K9 പൈപ്പ് 2300 മീറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 1396 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ നിർമ്മാണച്ചെലവ് എത്രയാണ്; | (ബി) | ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച തുക- 360 ലക്ഷം രൂപ<br>പ്രവൃത്തിക്ക് കരാറുറപ്പിച്ച തുക – 314 ലക്ഷം രൂപ |
| (സി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (സി) & (ഡി) | ഈ പദ്ധതി 2020 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ആവശ്യമുണ്ട്. റെയിൽവേയുടെ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിക്കുകയും അനുമതി ലഭ്യമാക്കുന്നതിന് ത്വരിത ഗതിയിലുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ഡി) | സമയബന്ധിതമായി ഈ പദ്ധതി പൂർത്തികരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**